# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/06/2024

1. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും (CPCRI), ഐ സി എ ആറും സംയുക്തമായി Climate Smart Agriculture for Sustainable Soil and Plant Health in Plantation Crops എന്ന വിഷയത്തിൽ ഒരു ദേശീയ സെമിനാർ ഹോട്ടൽ റോയൽ റീജൻസി ഓച്ചിറയിൽ വച്ച് ജൂൺ 13, 14 തീയതികളിലായി രാവിലെ 8.30 മണി മുതൽ വൈകിട്ട് 5 മണി വരെ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9747301811 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കോഴിക്കോട് ജില്ലയിലെ വടകര ഏറാമല കൃഷി ഭവനിൽ അത്യൽപ്പാദന ശേഷിയുള്ള കുറ്റ്യാടി തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. 100 രൂപ വിലയുള്ള തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു.

3. തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല, വിദ്യാർത്ഥികൾക്കായി വീഡിയോ ചിത്രീകരണ മത്സരം സംഘടിപ്പിക്കുന്നു. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ എക്സ്പീരിയൻഷ്യൽ ലേണിങ് പ്രോഗ്രാമിന്റെ ഭാഗമായാണ് വീഡിയോ ചിത്രീകരണം മത്സരം സംഘടിപ്പിക്കുന്നത്. **ഭൂമിയുടെ അവകാശികൾ** എന്ന വിഷയത്തിൽ ഹയർസെക്കൻഡറി കോളേജ് വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിക്കുന്നത്. ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകളാണ് മത്സരത്തിനായി പരിഗണിക്കുക. വീഡിയോയുടെ സർഗാത്മകത സാങ്കേതിക നിലവാരം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. എൻട്രികൾ ജൂൺ 20ന് മുമ്പായി archivesofelp2020@gmail.com

എന്ന മെയിൽ ഐഡിയിലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 -2370051 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് ബാംഗ്ലൂരും, ദേശീയ വാഴ ഗവേഷണ കേന്ദ്രം ട്രിച്ചിയും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ആൻഡ് മാനേജ്മെന്റ് തഞ്ചാവൂരും സംയുക്തമായി സംഘടിപ്പിക്കുന്ന മാമ്പഴം, ചക്ക, വാഴപ്പഴം എന്നീ 3 ഇന മെഗാ ഫ്രൂട്ട് ഫെസ്റ്റിവലും ഭക്ഷ്യ വനപരിപാലനവും ജൂൺ 23ന് തമിഴ്നാട് പുതുക്കോട്ടൈ വച്ച് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9442590079, 9442590081 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. ജനകീയ മത്സ്യകൃഷി പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി (തിലാപ്പിയ, ആസ്സാംവാള, വരാൽ, അനബാസ്, തദ്ദേശീയ ക്യാറ്റ് ഫിഷ്, കാർപ്പ് മത്സ്യങ്ങൾ), സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസ്സാംവാള, അനബാസ്, തദ്ദേശീയ ക്യാറ്റ് ഫിഷ്), റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ, അനബാസ്, ക്യാറ്റ് ഫിഷ്), ബയോഫ്ളോക്ക് (തിലാപ്പിയ, ആസ്സാംവാള, വരാൽ), ബയോഫ്ളോക്ക് വനാമി ചെമ്മീൻകൃഷി, കൂട് മത്സ്യകൃഷി (തിലാപ്പിയ, കരിമീൻ), കുളങ്ങളിലെ പൂമീൻ മത്സ്യകൃഷി, കുളങ്ങളിലെ കരിമീൻകൃഷി, കുളങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയാണ് വിവിധ പദ്ധതികൾ. നിശ്ചിത മാതൃകയിലുള്ള അപേക്ഷ എല്ലാമത്സ്യഭവനുകളിലും ലഭിക്കും. അനുബന്ധ രേഖകൾ സഹിതം അതത് യൂണിറ്റ് ഓഫീസുകളിൽ (അഴിക്കോട്/ പിച്ചി/ ചേറ്റുവ/ ചാലക്കുടി/ നാട്ടിക/ ചാവക്കാട്/ കേച്ചേരി/ വടക്കാഞ്ചേരി/ ഇരിങ്ങാലക്കുട) ജൂൺ 15 വൈകിട്ട് നാലിനകം അപേക്ഷ സമർപ്പിക്കണം. ഫോൺ 0487 2421090.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 12 പശുക്കളെ ഇന്ന് (12.06.2024) രാവിലെ 11 മണിയ്ക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പശുക്കൾക്ക് രണ്ടായിരം (2000/-) രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. തിരുവനന്തപുരം കേരള കാർഷിക സർവകലാശാലയുടെ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ 28ന് കൂൺ കൃഷിയിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താല്പര്യമുള്ളവർ 9446104347, 9645219270 ഈ നമ്പരുകളിൽ വിളിച്ച് 20നകം രജിസ്റ്റർ ചെയ്യണം.

8. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 ജൂൺ 14-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജൂൺ 19 മുതൽ 21 വരെയുള്ള തീയതികളിൽ

നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം